## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1841 | 21.01.2014 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ എണ്ണം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. എം. ഉമ്മർ** | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി)** |
| (എ) നിലവിലുള്ള അംഗൻവാടികളുടെ എണ്ണം നിശ്ചയിക്കപ്പെട്ട എണ്ണത്തിലും കുറവാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) 33115 അംഗൻവാടി കേന്ദ്രങ്ങളാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. അവയിൽ 33112 അംഗൻവാടി കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ജനസംഖ്യാ മാനദണ്ഡ പ്രകാരം ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പുതിയ അംഗൻവാടികൾ അനുവദിക്കുന്നത്. 'Anganwadi on demand' സ്കീം പ്രകാരം ആറ് വയസ്സിൽ താഴെ പ്രായമുള്ള കുറഞ്ഞത് 40 കുട്ടികളുള്ളതും അംഗൻവാടികൾ ഇല്ലാത്തതുമായ ഗ്രാമ പ്രദേശത്തെ ജനവിഭാഗങ്ങൾക്കും ചേരി നിവാസികൾക്കും പുതിയ അംഗനവാടികൾ അനുവദിക്കുന്നുണ്ട്. SC/ST/minority/migrant population, urban slum settlement, rural hamlet, people with temporary residence, semi-nomadic and nomadi communities, women work force working in tea gardens, brick kilns, paddy fields construction sites and sugar cane fields എന്നിങ്ങനെയുള്ള ജനവിഭാഗങ്ങളിൽ/പ്രദേശങ്ങളിൽ ഉൾപ്പെടുന്ന അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഐ.സി.ഡി.എസ് പദ്ധതിയിലൂടെയുള്ള സേവനങ്ങൾ സമ്പൂർണ്ണമായി ലഭ്യമാക്കുവാൻ |

| | |
|---|---|
| | പര്യാപ്തമായ രീതിയിലാണ് പുതിയ അംഗൻവാടികൾ അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ അംഗനവാടികളുടെ ആവശ്യകത പരിശോധിച്ച് പുതിയ അംഗനവാടികൾ ആരംഭിക്കുന്നതും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള ശുപാർശ കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പുതിയ അംഗൻവാടി കേന്ദ്രങ്ങൾ തുറക്കുന്നതിന് സുപ്രീം കോടതിയും കേന്ദ്ര ഗവൺമെന്റും നിർദ്ദേശം നൽകി യിട്ടുണ്ടോ; എങ്കിൽ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) ഉണ്ട്. 'Anganwadi on demand' സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 329 പുതിയ അംഗൻവാടികൾ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണ്. |
| (സി) പുതിയ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കു ന്നതിന് കൂടുതൽ ഫണ്ട് വകയിരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (സി) പുതിയ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഐ.സി.ഡി.എസ് പദ്ധതി സംസ്ഥാനത്ത് മിഷൻ രീതിയിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന തോടുകൂടി പുതിയ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന തിനായി കൂടുതൽ തുക ചെലവഴിക്കുന്നതിന് മിഷന്റെ മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ചിരി ക്കുന്ന ബദൽ മാർഗ്ഗങ്ങളെ സംബന്ധിച്ച വിശദീകരണം നൽകുമോ? | (ഡി)ബാധകമല്ല. |

സെക്ഷൻ ഓഫീസർ